ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ- യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നാളെ മുതൽ പ്രാബല്യത്തിൽ.

   **India-UK Comprehensive Economic and Trade Agreement comes into effect tomorrow.**

2. ദേശാഭിമാന സന്ദേശവുമായി 'ശൗര്യ വിജയ് യാത്ര' പ്രയാണമാരംഭിച്ചു; രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഫ്ലാഗ് ഓഫ് ചെയ്തു.

   **'Shaurya Vijay Yatra' begins with a message of patriotism; Defence Minister Rajnath Singh flags off the rally.**

3. രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായ സംഭരണ ചട്ടക്കൂട് സൃഷ്ടിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ഭക്ഷ്യ മന്ത്രി പ്രൾഹാദ് ജോഷി.

   **The Central Government remains committed to creating a scientific and efficient storage framework to ensure food security, says Union Food Minister Pralhad Joshi.**

4. ഹോർമുസ് കടലിടുക്കിലെ കപ്പലാക്രമണം; ഇറാൻ പ്രതിനിധിയെ വിളിച്ച് വരുത്തി ശക്തമായ പ്രതിഷേധം അറിയിച്ച് ഇന്ത്യ.

   **Hormuz Strait ship attack: India summons Iranian envoy and registers strong protest.**

5. ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയിയെ മറ്റന്നാൾ സന്ദർശിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

   **Home Minister Ramesh Chennithala visits Tamil Nadu Chief Minister Joseph Vijay day after tomorrow to seek support for Operation Toofan.**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ സെമിഫൈനലിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ- ഫ്രാൻസിനെ നേരിടും.

   **FIFA World Cup: Spain faces France tonight at 12:30 am in the first semi-final.**

********************

## INDIA - UK FTA

ഇന്ത്യ- യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നാളെ മുതൽ പ്രാബല്യത്തിൽ. ചരിത്രപരമായ ഈ കരാറിലൂടെ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉൽപ്പന്നങ്ങൾക്കും, യുകെ വിപണിയിൽ നികുതി ഇളവ് ലഭിക്കും. 2030-ഓടെ ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ യുഎസ് ഡോളറാക്കാനും കരാർ ലക്ഷ്യമിടുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം ആഴത്തിലാക്കാനും ഇതിലൂടെ സാധിക്കും. സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെയുള്ള നികുതി ഒഴിവാക്കൽ ഇന്ത്യൻ കയറ്റുമതിക്കാർക്ക് ഏറെ പ്രയോജനപ്പെടും.

********************

## RAJNATH-MOTORCYCLE EXPEDITION (intro)

കാർഗിൽ വിജയ് ദിവസ് ആഘോഷങ്ങളുടെ ഭാഗമായി 13 ദിവസത്തെ 'ശൗര്യ വിജയ് യാത്ര' മോട്ടോർ സൈക്കിൾ റാലി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ നിന്ന് ഫ്ലാഗ് ഓഫ് ചെയ്തു. മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യവും അഭിമാനവും സംരക്ഷിക്കേണ്ടത് അതിർത്തികളിൽ മാത്രമല്ല, ജനങ്ങളുടെ മനസ്സിലും മൂല്യങ്ങളിലുമാണെന്ന് വരുംതലമുറയെ ഓർമ്മിപ്പിക്കാൻ ഈ യാത്രയ്ക്ക് കഴിയുമെന്ന്

അദ്ദേഹം പറഞ്ഞു.

*വിശദാംശങ്ങളിലേക്ക്*

*(വോയ്സ്)*

കാർഗിൽ യുദ്ധവിജയം ഇന്ത്യയുടെ അചഞ്ചലമായ പ്രതിരോധ വീര്യത്തിന്റെ പ്രതീകമാണെന്ന് റാലി ഫ്ളാഗ്ഓഫ് ചെയ്യവേ രാജ്യരക്ഷ മന്ത്രി രാജ്നാഥ്സിങ് പറഞ്ഞു.

'ഒരു സവാരി, ഒരു രാഷ്ട്രം , ഒരു സല്യൂട്ട്' എന്ന സന്ദേശമുയർത്തി സംഘടിപ്പിക്കുന്ന റാലിയിൽ 28 ബൈക്ക് യാത്രികരാണ് പങ്കെടുക്കുന്നത്. 13 ദിവസം കൊണ്ട് 1,900 കിലോമീറ്റർ സഞ്ചരിച്ച് ഈ മാസം 26-ന് ലഡാക്കിലെ ദ്രാസിലുള്ള കാർഗിൽ യുദ്ധസ്മാരകത്തിൽ റാലി സമാപിക്കും. വഴിമധ്യേ വിവിധ യുദ്ധസ്മാരകങ്ങളിൽ ആദരവ് അർപ്പിക്കുന്ന സംഘം, വീരമൃത്യു വരിച്ച സൈനികരുടെ പത്നിമാരെ ആദരിക്കുകയും ചെയ്യും. ന്യൂസ് ഡെസ്ക് ആകാശവാണി.

********************

## PRALHAD JOSHI-REVIEW MEETING

രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായ സംഭരണ ചട്ടക്കൂട് സൃഷ്ടിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ഭക്ഷ്യ മന്ത്രി പ്രൾഹാദ് ജോഷി. ഭക്ഷ്യധാന്യ സംഭരണ വ്യവസ്ഥ ശക്തമാക്കാൻ ലക്ഷ്യമിട്ട് ന്യൂഡൽഹിയിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർദിഷ്ട സംഭരണ നയവും പ്രൈവറ്റ് ഒന്റർപ്രണേഴ്സ് ഗ്യാരണ്ടി സ്കീമും വിലയിരുത്തിയ യോഗത്തിൽ പ്രാദേശിക സംഭരണ അസന്തുലിതാവസ്ഥ, അധിക സ്റ്റോക്ക് കൈകാര്യം ചെയ്യൽ, സംഭരണ ശേഷി കാര്യക്ഷമമാക്കൽ, സംഭരണ മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത എന്നിവയുൾപ്പെടെ ചർച്ച ചെയ്തു.

********************

## MANDAVIYA BRICS FORUM

നിർമ്മിത ബുദ്ധിയ്ക്ക് യുവാക്കളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ്

മാണ്ഡവ്യ. ഹൈദരാബാദിൽ ബ്രിക്സ് ട്രേഡ് യൂണിയൻ ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യം മെച്ചപ്പെടുത്തി തൊഴിൽനഷ്ടപ്പെടുമെന്ന ഭയം മറികടക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനായി 'സ്കിൽ ഇന്ത്യ മിഷൻ' വഴി പുതിയ കോഴ്സുകൾ ആരംഭിക്കും. ഇന്ത്യക്കാർക്ക് അന്താരാഷ്ട്ര തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ 'മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി' കരാറുകളിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

********************

## AI UNIVERSITY

സർക്കാർ നിയന്ത്രണത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ നിർമിതബുദ്ധി സർവ്വകലാശാല കർണാടകയിൽ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ. ബെംഗളൂരുവിൽ 'ഗൂഗിൾ കണക്റ്റ് ഇന്ത്യ ' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകോത്തര നിലവാരമുള്ള പ്രതിഭകളെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ മേഖല, സർക്കാർ എന്നിവ തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിലും നിർദ്ദിഷ്ട സർവ്വകലാശാല നിർണ്ണായക പങ്ക് വഹിക്കുമെന്ന് ശ്രീ ശിവകുമാർ പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്കും കമ്പനികൾക്കും നിർമിതബുദ്ധി മേഖലയിൽ ഗവേഷണം നടത്തുന്നതിനുള്ള 'എഐ ഹബ്ബ്' സ്ഥാപിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

********************

## MEA - IRAN

ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടായ ആക്രമണത്തിൽ ഇറാൻ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷനെ വിളിച്ചുവരുത്തി ഇന്ത്യ ശക്തമായ പ്രതിഷേധം അറിയിച്ചു. ആക്രമിക്കപ്പെട്ട 'എംടി അൽ ബഹിയ്യ', 'എംടി മൊംബാസ' എന്നീ കപ്പലുകളിലെ 30 ഇന്ത്യൻ ജീവനക്കാരിൽ ഒരാൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും നയതന്ത്ര

ചർച്ചകളിലൂടെ പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നും വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു.

********************

## Bharat Tex

ഇന്ത്യയിലെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ൻറെ ഉദ്ഘാടനം കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ് സിങ്ങ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിച്ചു. ടെക്സ്റ്റൈൽ, ഫാഷൻ മേഖലയിൽ ഇന്ത്യയുടെ ആഗോള സ്വാധീനം വ്യക്തമാക്കുന്ന വിധത്തിലാണ് മേള ഒരുക്കിയിരിക്കുന്നത്. 20 ലേറെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നാല് ദിവസത്തെ

മേളയിൽ പങ്കെടുക്കുന്നുണ്ട്. ഭാരത് ടെക്സ് മേളയുടെ മൂന്നാം പതിപ്പാണിത്

********************

## OPERATION THOOFAN-VIJAY

ഓപ്പറേഷൻ തൂഫാന് പിന്തുണ അഭ്യർത്ഥിച്ച് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയിയെ മറ്റെന്നാൾ സന്ദർശിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ

തൂഫാൻ 42 ദിവസം കൊണ്ട് ജനങ്ങൾ ഏറ്റെടുത്ത ഏറ്റവും വലിയ പദ്ധതിയായി മാറിയതായും അദ്ദേഹം പറഞ്ഞു. അതിർത്തി കടന്നുവരുന്ന ലഹരി തടയാൻ അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ കൈകോർക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു

********************

## FIFA

ഫിഫ ലോകകപ്പിലെ ആദ്യ സെമിഫൈനലിൽ സ്പെയിൻ - ഫ്രാൻസിനെ നേരിടും. ഇന്ന് അർദ്ധരാത്രി 12:30-ന് ടെക്സസിലെ ഡാളസ് സ്റ്റേഡിയത്തിലാണ് മത്സരം. തുടർച്ചയായ മൂന്നാം വട്ടം ലോകകപ്പ് ഫൈനലിൽ ഇടം നേടാൻ ലക്ഷ്യമിട്ടാണ് ഫ്രാൻസ് ഇറങ്ങുന്നത്, അതേസമയം, 2010-ലെ കിരീട നേട്ടത്തിന് ശേഷമുള്ള ആദ്യ ലോകകപ്പ് ഫൈനൽ പ്രവേശത്തിനായാണ് സ്പെയിൻ

പൊരുതുക. വ്യാഴാഴ്ച നടക്കുന്ന രണ്ടാം സെമിയിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. ഈ മാസം 20 നാണ് ഫുട്ബോൾ പ്രേമികൾ കാത്തിരിക്കുന്ന ഫൈനൽ പോരാട്ടം.

********************

## CRICKET TWO

ഇന്ത്യ-ഇംഗ്ളണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് 259 റൺ വിജയ ലക്ഷ്യം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

********************

## REV VAISHNAW BRIEFING (INTRO)

റെയിൽവേ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കൈകാര്യം ചെയ്യുന്നതിനായി 'റെയിൽ ഭൂമി' പോർട്ടൽ ആരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഇനി മുതൽ വളങ്ങൾ കണ്ടെയ്നറുകളിൽ കൊണ്ടു പോകാനാകുമെന്നും, അന്തരീക്ഷ മലിനീകരണം തടയാൻ, താപനിലയങ്ങളിൽ ഉണ്ടാകുന്ന ഫ്ലൈ ആഷ് , കണ്ടെയ്നറുകളിൽ മാത്രമേ കൊണ്ടു പോകാവൂ എന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയ്സ്)

********************

## ISS

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീണ്ടുനിൽക്കുന്ന ദൗത്യത്തിനായി ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽ നിന്ന് റോസ് - കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. ഇന്ത്യൻ സമയം രാത്രി 8:17-നാണ് വിക്ഷേപണം. ബുധനാഴ്ച പുലർച്ചെ 1:25-ഓടെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പ്രവേശിക്കുക.

********************

## INDIA - MALDIVES

ഇന്ത്യ-മാലിദ്വീപ് സ്വതന്ത്ര വ്യാപാര കരാറിനായുള്ള ആദ്യ ഘട്ട ചർച്ചകൾ പൂർത്തിയായി. മാലിദ്വീപിന്റെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 2025-26 വർഷത്തിൽ 771 മില്യൺ യുഎസ് ഡോളറിലധികമായിരുന്നു. നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാർ എഫ്ടിഎ ഇരു രാജ്യങ്ങളിലെയും സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുമെന്നും, ഉഭയകക്ഷി സാമ്പത്തിക, വ്യാപാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും പ്രതീക്ഷിക്കുന്നു.

********************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.

സെൻസെക്സ് 561 പോയിൻറ് കുറഞ്ഞ് 77,054 ലും നിഫ്റ്റി 158 പോയിൻറ് നഷ്ടത്തിൽ 24,052 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,720 രൂപയും ഗ്രാമിന് 13,090 രൂപയുമാണ് ഇന്നത്തെ വില.

********************

**************

****